ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: ew.pdlsgd@kerala.gov.in

നമ്പർ: LSGD/PD/23866/2024-DB3 തീയതി: 02-09-2024

**സർക്കുലർ**

വിഷയം: ത.സ്വ.ഭ.വ.(LID&EW) - PRICE 3 ൽ ഇറിഗേഷൻ (chapter 60), HED (chapter 65) എന്നീ വകുപ്പുകളുടെ ഒബ്സർവ്ഡ് ഡാറ്റകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച്.

സൂചന:
1. 27-08-2024 തീയതിയിൽ PWD ൽ നിന്നും ലഭ്യമായ e-മെയിൽ സന്ദേശം.
2. Minutes of the meeting of CTE with PRICE PMU / PWD on 30.07.2024.

PRICE 3 ൽ 2024 മെയ് മാസം മുതൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ഇതര വകുപ്പുകളുടെ OD ഉപയോഗിക്കുന്നതിനു നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇറിഗേഷൻ, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളുടെ ഒബ്സർവേഡ് ഡാറ്റകൾ (chapter 60 & 65) ഉപയോഗിച്ചിരുന്ന എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുമ്പോൾ സാങ്കേതിക തടസം നേരിടുന്നതായി ധാരാളം പരാതികൾ ലഭിക്കുകയുണ്ടായി. ടി വിഷയം CTE യെ അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ CTE, PRICE PMU മായി ചർച്ച നടത്തുകയും, പ്രസ്തുത Observed Data കൾ, നിലവിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതും, നിലവിൽ നടന്നുവരുന്നതുമായ പ്രവൃത്തികളിൽ മാത്രമായി പരിമിതപ്പെടുത്തി ആറ് മാസത്തേക്ക് ലഭ്യമാക്കുന്നതിനു അനുമതി ലഭിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ സൂചന (1) പ്രകാരം PRICE PMU ൽ നിന്നും താഴെ പറയുന്ന നിബന്ധനകളോടുകൂടി chapter 60 & 65 ആറ് മാസത്തേക്ക് കൂടി ഓപ്പൺ ചെയ്യുന്നതായി അറിയിച്ചിട്ടുണ്ട്.

1) മേൽ സൂചിപ്പിച്ച OD കൾ ഉൾപ്പെട്ട പ്രവൃത്തികളിൽ TS ലഭിച്ചതും എന്നാൽ "TENDER PUBLISHED" സ്റ്റേജ് കഴിയാത്തതുമായ പ്രവൃത്തികൾക്ക് TS revert ചെയ്തു chapter 60 & 65 ലെ ഇനങ്ങൾ ഒഴിവാക്കി, പകരം user defined OD ആക്കി വീണ്ടും TS വാങ്ങി ടെണ്ടർ നടപടികളിലേക്ക് കടക്കേണ്ടതാണ്.

2) നിലവിൽ chapter 60 & 65 ലെ data കൾ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തതും, പണി ആരംഭിച്ചതുമായ പ്രവൃത്തികളിൽ എസ്റ്റിമേറ്റ് റിവിഷൻ ആവശ്യമായി വരുന്ന പ്രവൃത്തികൾ പരമാവധി 6 മാസത്തിനുള്ളിൽ റിവിഷനു ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

3) പുതിയ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ chapter 60 & 65 ലെ ഇനങ്ങൾ ഉപയോഗിക്കാൻ പാടുള്ളതല്ല, ആവശ്യമെങ്കിൽ ആയതിനെ user defined Observed Data ആക്കി ഉപയോഗിക്കാവുന്നതാണ്. ആയതു TS issuing authority ഉറപ്പ് വരുത്തേണ്ടതാണ്.

നിലവിലെ പ്രശ്നങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ എല്ലാ ഉദ്യോഗസ്ഥരും മേൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Sandeep K G
Date: 02-09-2024 15:32:27

Sandeep K G
CHIEF ENGINEER